ജെ. ബി. ഐ. സി. പ്രോജക്ടിനുവേണ്ടിയുള്ള പൈപ്പുകൾ

67 [1897] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. പ്രോജക്ടുകൾക്കുവേണ്ടി ഏതെല്ലാം തരത്തിലും വലിപ്പത്തിലുമുള്ള പൈപ്പുകളാണ് ആവശ്യമായിട്ടുള്ളത്;

(ബി) ഈ പദ്ധതിക്ക് പൈപ്പുകൾ വാങ്ങുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതുവരെ എന്തു തുകയ്ക്ക് പൈപ്പുകൾ വാങ്ങുന്നതിനുള്ള ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ടെണ്ടർ വിളിച്ചാണ് ഈ നടപടികൾ സ്വീകരിച്ചത് എങ്കിൽ എത്ര ടെണ്ടറുകൾ ലഭിച്ചു;

(ഇ) ഇതിന് ആരൊക്കെ ടെണ്ടറുകൾ നൽകിയെന്നും അവരുടെ ഓഫറുകൾ എന്തായിരുന്നു എന്നതിന്റേയും വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 1000 mm മുതൽ 1850 mm വരെ വലിപ്പത്തിലുള്ള മൈൽഡ് സ്റ്റീൽ പൈപ്പുകളും 100 mm മുതൽ 900 mm വരെ വലിപ്പത്തിലുള്ള ഡി.ഐ. പൈപ്പുകളും 125 mm മുതൽ 900 mm വരെ വലിപ്പത്തിലുള്ള പോളി എത്തിറീൻ (പി.ഇ.) പൈപ്പുകളും 75 mm മുതൽ 315 mm വരെ വലിപ്പത്തിലുള്ള പി.വി.സി. പൈപ്പുകളും ആവശ്യമുള്ളതായിട്ടാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

(ബി)&(സി) ഈ പദ്ധതിക്കുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കരാറുകാർ തന്നെയാണ് പൈപ്പുകൾ കൊണ്ടുവരേണ്ടത്. വാട്ടർ അതോറിറ്റി പൈപ്പുകൾ ഒന്നും വാങ്ങേണ്ടതില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശാസ്താംകോട്ട കായലിലെ ജലം മലിനമാകുന്നത് പരിഹരിക്കുന്നതിനു നടപടി

68 [1898] *ശ്രീ. ടി. എൻ. പ്രതാപൻ:*
,, *എം. എം. ഹസ്സൻ:*
,, *പി. ജെ. ജോയി:*
,, *വൃന്ദ കൃഷ്ണ:*
,, *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായലിൽ നിന്ന് എറിടെയെല്ലാം കുടിവെള്ളം നൽകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കായലിലെ ജലം ഇപ്പോൾ കുടിക്കാൻ പറ്റിയതാണോ;

(സി) ആ വെള്ളത്തിൽ ആരോഗ്യത്തിന് ഹാനികരമായ എന്തെല്ലാം അണുക്കളും മറ്റു ഘടകങ്ങളും ഉണ്ട്;

(ഡി) ഇവയുടെ അളവെത്രയാണ്;

(ഇ) ഈ തടാകത്തിലേക്ക് മാലിന്യങ്ങൾ എത്തത്തക്കവിധം ചുറ്റുപാടുമുള്ള മാലിന്യവസ്തുക്കൾ മഴവെള്ളപ്പാച്ചിലിലൂടെ എത്തിച്ചേരാതിരിക്കാൻ എന്തെല്ലാം നടപടികളെടുത്തു;

(എഫ്) ഈ കായലിലേക്ക് ഓടകൾ തുറന്നുവിട്ടിട്ടുണ്ടോ;

(ജി) ഈ കായലിൽ ചുറ്റുപാടുമുള്ളവർ വിസർജ്ജ്യ വസ്തുക്കൾ നിക്ഷേപിക്കുന്നുണ്ടോ;

(എച്ച്) ഇവയ്ക്ക് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ശൂരനാട് തെക്ക്, മൈനാഗപ്പള്ളി, പടിഞ്ഞാറെ കല്ലട, ശാസ്താംകോട്ട, മൺട്രോതുരുത്ത് (ഭാഗികം), നീണ്ടകര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും കൊല്ലം കോർപ്പറേഷൻ പ്രദേശങ്ങളിലും കുടിവെള്ളം നൽകുന്നു.

(ബി) ഈ കായലിലെ ജലം നേരിട്ട് കുടിക്കാൻ പറ്റിയതല്ല.

(സി) കോളിഫോം ബാക്ടീരിയ അടങ്ങിയിട്ടുണ്ട്. മറ്റ് ഘടകങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ശുദ്ധീകരിക്കാത്ത ജലത്തിൽ 1100* കോളിഫോം ബാക്ടീരിയ കൗണ്ട് ഉണ്ട്.

(ഇ) ശാസ്താംകോട്ട കായലിന്റെ കിടപ്പനുസരിച്ചും ഭൂമിശാസ്ത്രപരമായും ചുറ്റുമുള്ള മഴവെള്ളം താഴ്ന്ന പ്രദേശമായ കായലിൽ എത്തിച്ചേരുന്നു. എന്നാൽ പമ്പിംഗ് പ്രദേശത്ത് മലിനജലം ഒഴുകി എത്താറില്ല.

(എഫ്) ഉണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ബാധകമല്ല.

വനപ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ നടപടി

69 [1899] *ശ്രീ. ആർ. ഡി. സതീശൻ:*
,, *വർക്കല കഹാർ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനപ്രദേശത്തിന്റെ വിസ്തൃതി എത്രയാണ്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly